"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മുണ്ടയാട് മേഖലാ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ നേരിട്ട് വാങ്ങുന്നതിനും, വാങ്ങുന്ന ഉൽപന്നങ്ങളുടെ തുക നിബന്ധനകൾക്ക് വിധേയമായി മുൻകൂറായി നല്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1096/2024/LSGD തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-
1. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01/07/2023-ലെ കത്ത്.
2. കണ്ണൂർ ജില്ലാ മൃഗസംരക്ഷണ വികസന ഓഫീസറുടെ DAHO/KNR/1417/2022-E നമ്പർ കത്തും അനുബന്ധരേഖകളും.
3. 26/10/2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.23.

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ മുണ്ടയാട് മേഖലാ കോഴി വളർത്തൽ കേന്ദ്രത്തെ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിക്കണമെന്നും ഇവിടെ നിന്നും വാങ്ങുന്ന ഉല്പന്നങ്ങളുടെ തുക മുൻകൂറായി നൽകാൻ അനുമതി നൽകണമെന്നും പരാമർശം (1),(2) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി അപേക്ഷ പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും സർക്കാർ സ്ഥാപനമായതിനാൽ ഈ സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതി നൽകുകയും ചെയ്തു. വില മുൻകൂറായി നല്കുന്നതിൽ; മുണ്ടയാട് മേഖല കോഴി വളർത്തൽ കേന്ദ്രത്തിന് അഡ്വാൻസായി 20% തുക നൽകി, പിന്നീട് പദ്ധതി പുരോഗതിക്കനുസരിച്ച് ഉത്പ്പന്നങ്ങൾ വിതരണം ചെയ്യുന്ന മുറക്ക് തുക നൽകുവാനും, പദ്ധതി വിഭാവനം ചെയ്തത് അനുസരിച്ച് വിതരണം പൂർത്തിയായാൽ മുഴുവൻ തുകയും നൽകുന്ന രീതിയിൽ എഗ്രിമെന്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കാൻ അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ ജില്ല.
2. സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്.
3. ജില്ലാ മൃഗസംരക്ഷണ വികസന ഓഫീസർ, കണ്ണൂർ ജില്ല.
4. മാനേജർ, മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രം, ഇൻഡോർ സ്റ്റേഡിയത്തിന്

സമീപം, എളയാവൂർ, കണ്ണൂർ, 670594.

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, കേരള, തിരുവനന്തപുരം.
6. സ്റ്റേറ്റ് ഓഡിറ്റ് ഓഫീസർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഐ.കെ.എം
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 21-06-2024 16:23:30

സെക്ഷൻ ഓഫീസർ